# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 885**

**30.01.2019-ൽ മറുപടിയ്ക്ക്.**

## ക്ഷീരോത്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ക്ഷീരോത്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്ന- തിന് പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>4) ഹീഫർ പാർക്ക്<br>5) ക്ഷീരഗ്രാമം<br>6) ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ<br>7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>8) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ<br>9) കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി<br>10) സമഗ്ര ഇൻഷുറൻസ് പദ്ധതി<br>11) ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള ധനസഹായ പദ്ധതികൾ എന്നിവയാണ്. |
| (ബി) പ്രളയകാലത്ത് നഷ്ടമായ കന്നുകാലികൾക്ക് പകരം അയൽ സംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലികളെ വാങ്ങുന്ന കർഷകർക്ക് വകുപ്പ് തലത്തിൽ സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ബി) പ്രളയകാലത്ത് നഷ്ടമായ കന്നുകാലികൾക്ക് പകരമായി സംസ്ഥാനത്തിനു പുറത്തുനിന്നും ഉരുക്കളെ കൊണ്ടുവരുന്നതിനുവേണ്ടി പ്രളയ ദുരിതാശ്വാസത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 1200 ഒരു പശു യൂണിറ്റും 900 രണ്ട് പശു യൂണിറ്റും ആണ് നടപ്പിലാക്കുന്നത്. ഒരു പശു യൂണിറ്റിന് 33,000/- രൂപ ധനസഹായവും 2 പശു യൂണിറ്റിന് 66,000/- രൂപയും ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 396 ലക്ഷം രൂപ ഒരു പശു യൂണിറ്റ് നടപ്പിലാക്കുന്നതിനും 594 ലക്ഷം രൂപ 2 പശു യൂണിറ്റ് നടപ്പിലാക്കുന്നതിനും അനുമതി നൽകുകയും ആയതു പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി പൂർത്തീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**